(സി) നാടൻകലാ പരിശീലനത്തിന് ഇപ്പോൾ അക്കാഡമിയിൽ സ്ഥിരം സംവിധാനമില്ല. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ആശാൻമാരുടെ കീഴിൽ നാടൻകലാ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന 68 കുട്ടികൾക്ക് പ്രതിമാസം 125 രൂപവീതം സ്റ്റൈപൻഡ് അക്കാഡമി 2000-2001-ൽ നൽകിയിട്ടുണ്ട്. 2001-2002 കാലയളവിൽ പ്രതിമാസം 150 രൂപാവീതം 100 കുട്ടികൾക്ക് സ്റ്റൈപന്റ് നൽകുവാൻ അക്കാഡമി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നൽകിത്തുടങ്ങിയിട്ടുണ്ട്. 1999-ൽ രണ്ട് ഫെല്ലോഷിപ്പുകൾ നൽകിയിട്ടുണ്ട്.

(ഇ&എഫ്) 1999-ലെ അവാർഡുകൾ 2000 ഒക്ടോബറിൽ വിതരണം ചെയ്തു കഴിഞ്ഞു.

(ജി) നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്നവരുടെയും നാടൻകലാ ഗവേഷകരുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് അക്കാഡമിയുടെ ജനറൽ കൗൺസിൽ ആണ് അന്തിമതീരുമാനമെടുക്കുന്നത്.

ദേശീയ പാതയിൽ വാഹനങ്ങളുടെ വേഗത നിയന്ത്രണം

18 (*139) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാതയിൽ വാഹനങ്ങളുടെ അമിത വേഗത തടയാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(സി) അമിത വേഗതയിൽ വാഹനം ഓടിച്ചവർക്കെതിരെ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ഡി) ജില്ലാടിസ്ഥാനത്തിൽ അവ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) സ്വകാര്യ ബസുകളുടെ മൽസരയോട്ടം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിന് റഡാറുകൾ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു.

(സി) മോട്ടോർ വാഹനവകുപ്പ് 1489 കേസുകൾ കണ്ടുപിടിച്ച് പിഴ ഈടാക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം-40, കൊല്ലം-25, കോട്ടയം-174, ആലപ്പുഴ-722, തൃശ്ശൂർ-207, കണ്ണൂർ-321 മറ്റു ജില്ലകളിൽ സ്പീഡ് റഡാറുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) സംസ്ഥാനത്ത് സിറ്റി, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ്,സർവ്വീസുകൾക്ക് ഏകീകൃതമായ റണ്ണിംഗ് സമയം, നിരക്ക് നിശ്ചയിച്ച് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബസുകൾ അംഗീകൃത സമയത്തുതന്നെയാണോ ഓടുന്നത് എന്ന് അടിക്കടി പരിശോധന നടത്തുകയും സമയ പട്ടിക പാലിക്കാത്ത വാഹന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

പട്ടയവിതരണവും കൈവശരേഖാ വിതരണവും

19 (*140) ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾ പ്രകാരം എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഓരോ ഇനത്തിലും നൽകിയ പട്ടയങ്ങൾ എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിനുള്ളിൽ നൽകിയ കൈവശ രേഖകൾ ഇനംതിരിച്ച് വെളിപ്പെടുത്താമോ ;

(ഡി) പട്ടയവിതരണവും കൈവശരേഖാ വിതരണവും ഏതെല്ലാം ജില്ലകളിൽ പൂർത്തിയാക്കി ; മറ്റു ജില്ലകളിൽ ഇത് പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) വിവിധ പദ്ധതികൾ പ്രകാരം 2,41,670 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി)

1964 -ലെ ഭൂമി പതിവു ചട്ടങ്ങൾ പ്രകാരം	- 40,250
1995 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം	- 1979
ലക്ഷം വീട് പദ്ധതി പ്രകാരം	- 15,859
ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്കുള്ള പുനരധിവാസ ഭവന നിർമ്മാണ പദ്ധതി പ്രകാരം	- 23,126
മലയോര കർഷകർക്കുള്ള പട്ടയ പദ്ധതി പ്രകാരം	- 13,284
ഭൂരഹിത പട്ടികവർഗ്ഗക്കാർക്കുള്ള പട്ടയം	- 1,144
മിച്ചഭൂമി പട്ടയം	- 14,736
കുടിയായ്മ പട്ടയം	- 1,26,590
കുടികിടപ്പു പട്ടയം	- 4,802
ആകെ	2,41,670

LIBRARY ARCHIVES Kerala Legislative Assembly